(സി) പരിഗണിക്കുന്നതാണ്.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നിവിടങ്ങളിൽ ഇപ്പോഴേ പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികളും പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ഒരു പെൻഷൻ പേയ്മെൻറ് സബ് ട്രെഷറി 5-4-1991-ൽ തുറക്കുന്നതാണ്. പെൻഷൻകാരുടെ എണ്ണത്തിനനുസൃതമായി മറ്റു ജില്ലാ ആസ്ഥാനങ്ങളിൽ പെൻഷൻ പേയ്മെൻറ് സബ് ട്രെഷറികളും തുറക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ഇ) തിരുവനന്തപുരം പെൻഷൻ പേയ്മെൻറ് ട്രെഷറിയിൽ പെൻഷൻകാർക്ക് പ്രാഥമികാവശ്യം നിറവേറ്റാൻ വേണ്ടുന്ന സൗകര്യം ഏർപ്പെടുത്താൻവേണ്ട നിർദ്ദേശം ട്രെഷറി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിൽ ട്രെഷറി തുടങ്ങുന്നതിന് നടപടി

3 [2157] ശ്രീ. കെ. ശങ്കരനാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എവിടെയെങ്കിലും പുതുതായി ട്രെഷറി തുടങ്ങുന്നതിന് ഗവൺമെൻറിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ തെന്മല കേന്ദ്രമാക്കി ഒരു സബ് ട്രെഷറി ആരംഭിക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ട്രെഷറി തുടങ്ങുന്നതിന്റെ ആവശ്യകതയും സാമ്പത്തിക ബാദ്ധ്യതയും കണക്കിലെടുത്ത് തീരുമാനം എടുക്കുന്നതാണ്.

കിളിമാനൂരിൽ ഒരു സബ് ട്രെഷറി ആരംഭിക്കാൻ നടപടി

4 [2158] ശ്രീ. സുന്ദരം മാണിക്യം: താഴെകാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂരിൽ ഒരു പുതിയ സബ് ട്രെഷറി ആരംഭിക്കുന്ന കാര്യം ഏതു ഘട്ടത്തിലാണ്; ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

കിളിമാനൂരിലെ സബ് ട്രെഷറി 1-4-1991-ൽ പ്രവർത്തനം തുടങ്ങി.

ട്രെഷറി സമ്പാദ്യപദ്ധതി കാര്യക്ഷമമാക്കാൻ നടപടി

5 [2159] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പരിഷ്കരിച്ച ട്രഷറി സമ്പാദ്യ പദ്ധതി വഴി ഉദ്ദേശം എത്ര കോടി രൂപ സംഭിരനിക്ഷേപമിനത്തിൽ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർക്കാരിന്റെ വെയ്സ് ആൻറ് മീൻസ് പൊസിഷൻ നിലനിർത്തുന്നതിൽ ഈ നിക്ഷേപത്തുക ഗണ്യമായ പങ്കു വഹിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ;

(സി) ട്രെഷറി സമ്പാദ്യ പദ്ധതി നവീകരിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി നിയുക്തനായ ആഫീസർ ശ്രീ. സാമുവലിന്റെ റിപ്പോർട്ട് സർക്കാർ പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ നടപ്പിലാക്കിയവയും ഇനി നടപ്പിലാക്കാനുള്ളവയും ഏതൊക്കെയാണെന്നു വിശദമാക്കുമോ;

(ഡി) കേരളാ സ്റേറററ് ഫിനാൻഷ്യൽ എൻറർപ്രൈസസ് വഴി നടപ്പിലാക്കിയ ഭദ്രത പദ്ധതിയാണോ ട്രെഷറി സമ്പാദ്യ പദ്ധതിയാണോ സർക്കാരിന് കൂടുതൽ നേട്ടം ഉണ്ടാക്കുന്നത്, ഇവയിൽ ഏതാണ് കൂടുതൽ വിജയകരമായി പ്രവർത്തിച്ചു വരുന്നത്;

(ഇ) സർക്കാരിനെ ഓവർഡ്രാഫ്റ്റിൽ നിന്നും സംരക്ഷിക്കുന്നതിന് നിർണ്ണായക പങ്കു വഹിക്കുന്ന ട്രെഷറി നിക്ഷേപ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി ട്രെഷറികളിൽ കൂടുതൽ സ്റാഫിനെ അനുവദിക്കുന്നതുൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശം 94 കോടി രൂപ.

(ബി) ഉണ്ട്.

(സി) ശ്രീ. സാമുവലിന്റെ റിപ്പോർട്ട് സർക്കാർ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല.

നടപ്പിലാക്കിയ നിർദ്ദേശങ്ങൾ:

(1) മൂന്നു മുതൽ ആറു മാസം വരെ കാലാവധിയുള്ള നിക്ഷേപങ്ങൾ സ്വീകരിക്കൽ.

(2) സ്ഥിര നിക്ഷേപങ്ങൾ കാവാവധി പൂർത്തിയാക്കുന്നതിന് മുൻപ് നിക്ഷേപകന്റെ ആവശ്യപ്രകാരം തിരിച്ചു നൽകാൻ അതാതു ട്രഷറി ആഫീസർമാർക്ക് അധികാരം കൊടുത്തു.

(3) 5000 രൂപാ വരെയുള്ള നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് മുന്നറിയിപ്പ് വേണമെന്ന വ്യവസ്ഥയുടെ പരിധി 25000 രൂപയായി വർദ്ധിപ്പിച്ചു.

(4) ഒരു ലക്ഷം രൂപയിൽ കവിഞ്ഞ നിക്ഷേപങ്ങൾക്ക് പലിശ കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തി.

(5) തുക റൊക്കമായി അടക്കാതെ തന്നെ എസ്. ബി. അക്കൗണ്ടുകളും സ്ഥിര നിക്ഷേപങ്ങളും ബില്ല്, ചെക്ക് എന്നിവ ട്രാൻസ്ഫർ ക്രെഡിറ്റായി സ്വീകരിച്ചു തുടങ്ങുവാൻ വ്യവസ്ഥ ചെയ്തു.

(6) പെൻഷൻകാർക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്യുന്നതിന് പെൻഷൻ ട്രഷറി സേവിംഗ്സ് ബാങ്ക് പദ്ധതി നടപ്പിലാക്കി.

(7) സ്ഥിര നിക്ഷേപങ്ങൾ കാവാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് പുതുക്കുന്നതിനുള്ള അവസരം നിക്ഷേപകനു നൽകി.

LIBRARY ARCHIVES Kerala Legislative Assembly

(8) 50,000 രൂപയോ അതിനു മുകളിലോ സ്ഥിരം നിക്ഷേപത്തുകയ്ക്ക് മാസംതോറും പലിശ വിതരണം ചെയ്യാൻ വ്യവസ്ഥ ചെയ്തു.

(9) പലിശ നിരക്കുകൾ ആകർഷകമായ രീതിയിൽ വർദ്ധിപ്പിച്ചു.

നടപ്പിലാക്കാത്ത നിർദ്ദേശങ്ങൾ:

(1) ട്രെഷറി സമ്പാദ്യ പദ്ധതി വിപുലീകരിക്കുന്നതിനോടനുബന്ധിച്ച് സ്പെഷ്യൽ ആഫീസർ ശുപാർശ ചെയ്ത സ്റ്റാഫ് പാറ്റേൺ പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല.

(2) കേരള വികാസ് പത്ര, ട്രെഷറി മന്ത്ലി ഇൻകം സ്കീം, റിലീഫ് ബോണസ്സ്, സോഷ്യൽ സെക്യൂരിറ്റി സർട്ടിഫിക്കറ്റ്, ക്യാഷ് സർട്ടിഫിക്കറ്റ്, റക്കറിംഗ് ഡപ്പോസിറ്റ് തുടങ്ങിയ സ്കീമുകൾ നടപ്പിലാക്കിയിട്ടില്ല.

(ഡി) രണ്ടു പദ്ധതികളും സർക്കാരിനു നേട്ടമുണ്ടാക്കുന്നവയാണ്.

(ഇ) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

ശമ്പളകമ്മീഷന്റെ ശുപാർശ പ്രകാരമുള്ള പുതിയ തസ്തികകൾ

6 [2160] ശ്രീ. സുന്ദരം മാണിക്യം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 5-ാം ശമ്പള പരിഷ്ക്കരണ കമ്മീഷന്റെ ശുപാർശ അനുസരിച്ച് വിവിധ വകുപ്പുകളിലെ ജൂനിയർ സൂപ്രണ്ടിന്റെ എണ്ണം കണക്കാക്കുന്നതിൽ വകുപ്പദ്ധ്യക്ഷന്റെ ആഫീസിലെ സീനിയർ സൂപ്രണ്ടിന്റെ എണ്ണം കണക്കാക്കേണ്ടതില്ല എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? എങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കാമോ;

(ബി) പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ ഏതെല്ലാം വകുപ്പിൽ എത്രവീതം ജൂനിയർ സൂപ്രണ്ടിന്റെ പുതിയ തസ്തികകൾ അനുവദിച്ചു എന്ന് വകുപ്പു തിരിച്ച് വ്യക്തമാക്കാമോ;

(സി) ട്രെഷറി വകുപ്പിൽ മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്നതിന് വേണ്ടിയുള്ള പ്രപ്പോസൽ എന്നാണ് സർക്കാരിന് ലഭിച്ചത്; ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പുതിയ തസ്തികകൾ, സൃഷ്ടിക്കുന്നതിൽ അകാരണമായ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി, സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) 5-ാം ശമ്പള കമ്മീഷന്റെ ശുപാർശപ്രകാരമുള്ള മേൽ പറഞ്ഞ പുതിയ തസ്തികകൾ ട്രെഷറി വകുപ്പിന് അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly